# വികാരങ്ങളെ നിയന്ത്രിക്കുക

അബ്ദുൽ ജബ്ബാർ കൂരാരി

عَن جَابر رَضِي اللَّهُ عَنهُ قَالَ: اقْتَتَلَ غُلَامٌ مِن الْمُهَاجِرين وَغُلَامٌ مِنَ الأَنْصَارِ فَنَادَي الْمُهَاجِرُ أَو الْمُهَاجِرُون : يَا لَلْمُهَاجِرِين وَنَادَى الْأَنْصَارِيُّ يَا لَلْأَنْصَار. فَخَرَجَ رَسُولُ اللهِ ﷺ فَقَالَ: مَا هَذَا دعْوَى أَهْلِ الْجَاهِلِيّة ؟ قَالُوا: لَا يَا رَسُولَ اللهِ إِلاَّ أَنَّ غُلَامَيْنِ اقْتَتَلاَ فَكَسَعَ أَحَدُهُمَا الآخَر. قَالَ: لاَ بَأْسَ وَلْيَنْصُرْ الرَّجُلُ أَخَاهُ ظَالِمًا أَوْ مَظْلُومًا إِنْ كَانَ ظَالِمًا فَلْيَنْهَهُ فَإِنَّهُ لَهُ نَصْرٌ. وَإِنْ كَانَ مَظْلُومًا فَلْيَنْصُرْهُ

**ജാബിർ(റ) പറയുന്നു: മുഹാജിറുകളിലെ ചെറുപ്പക്കാരനും അൻസ്വാറുകളിലെ ചെറുപ്പക്കാരനും ഒരിക്കൽ അടിപിടികൂടി. മുഹാജിർ, അല്ലെങ്കിൽ മുഹാജിറുകൾ 'മുഹാജിറുകളേ, സഹായിക്കണേ!' എന്ന് വിളിച്ചു. ഒരു അൻസ്വാരി 'അൻസ്വാരികളേ, സഹായിക്കണേ' എന്നും വിളിച്ചു. ഇതറിഞ്ഞു നബി(സ) പുറത്തിറങ്ങി. അവിടുന്ന് ചോദിച്ചു: "എന്താണിത്? ജാഹിലിയ്യത്തിന്റെ വിളി കേൾക്കുന്നു." ആളുകൾ പറഞ്ഞു: "അതൊന്നുമല്ല പ്രവാചകരേ, രണ്ട് കുട്ടികൾ ശണ്ഠകൂടി. ഒരാൾ മറ്റവന്റെ പിന്നിൽ കാൽകൊണ്ട് ചവിട്ടി." അവിടുന്ന് പറഞ്ഞു: "സാരമില്ല, ഒരാൾ തന്റെ സഹോദരനെ, മർദകനാണെങ്കിലും മർദിതനാണെങ്കിലും സഹായിക്കണം. മർദകനാണെങ്കിൽ അതിൽനിന്നവനെ തടയണം. അതാണവനെ സഹായിക്കേണ്ട രീതി. മർദിതനാണെങ്കിൽ അവന് സഹായം നൽകണം" (മുസ്‌ലിം).**

**വഴക്കും** ശുണ്ഠിയും മനുഷ്യർക്കിടയിൽ സ്വാഭാവികമാണ്. തന്മൂലം ചിലപ്പോൾ അപ്രിയ കാര്യങ്ങൾ സംഭവിച്ചെന്നും വരാം. അത്തരം സന്ദർഭങ്ങളിൽ മുസ്‌ലിംകൾ സ്വീകരിക്കേണ്ട സമീപനം എന്താണെന്ന് വിശദീകരിച്ചു തരികയാണ് ഈ ഹദീസ്.

ജാതി-മത വർഗ വർണ ഭിന്നതകളെ അതിനിശിതമായി എതിർത്ത മതമാണ് ഇസ്‌ലാം. അവയെല്ലാം മനസ്സിൽ കുടികൊള്ളുന്ന കറുത്ത കറയാണ്. എത്ര തുടച്ചു നീക്കിയാലും ചിലപ്പോൾ അത് പുറത്ത് വരും. കക്ഷിത്വവും സ്വജന പക്ഷപാതവുമെല്ലാം ഇതിന്റെ അനുബന്ധങ്ങളാണ്. രണ്ടു ചെറുപ്പക്കാർ ശണ്ഠകൂടിയപ്പോൾ അന്ന് ഈ ദുർവിചാരം പ്രകടിപ്പിച്ചു. രണ്ടുപേരും സ്വന്തം അണികളെ സഹായത്തിന് വിളിച്ചു, കലഹിക്കാൻ ആക്കം കൂട്ടി. സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും മഹിത മാതൃകകൾ ലോകത്തിന് കാഴ്ച വെച്ച അൻസ്വാറുകളും മുഹാജിറുകളും ഈ വിളി കേട്ടില്ല. അതിന് മുമ്പ് തന്നെ നബി(സ) വിഷയത്തിൽ ഇടപെട്ടു. അങ്ങനെ, ജാഹിലിയ്യത്തിന്റെ ജീർണിച്ച സംസ്കാരത്തെ അവിടെ കുഴിച്ചു മൂടി റസൂൽ.

സ്നേഹവും ഐക്യവുമാണ് ദീനിന്റെ സത്ത. ഭിന്നിപ്പിനും വിഭാഗീയതക്കും അവിടെ സ്ഥാനമില്ല. സൗഹാർദവും മൈത്രിയും വളർത്താനാണ് ഏത് പരിതസ്ഥിതിയിലും ശ്രമിക്കേണ്ടത് എന്ന് ഇസ്‌ലാം അനുശാസിക്കുന്നു. വീക്ഷണ വ്യത്യാസങ്ങളോട് ക്രിയാത്മകമായ സമീപനമാണ് സ്വീകരിക്കേണ്ടത്. ഒരിക്കലും നീരസം വളർത്താൻ ഇടവരരുത്. വിദ്വേഷം വളരുമ്പോൾ വിശ്വാസം തകരും.

പ്രവാചകൻ അരുളുന്നു: "അറിയുക, നമസ്കാരത്തേക്കാളും നോമ്പിനേക്കാളും ദാനധർമങ്ങളെക്കാളും പ്രാധാന്യമുള്ള ഒരു കാര്യം ഞാൻ പറഞ്ഞുതരട്ടെയോ?" ജനം: "പറഞ്ഞു തന്നാലും." അദ്ദേഹം അരുളി: "അന്യോന്യമുള്ള ബന്ധം ആർജവത്തോടെ കാത്തു സൂക്ഷിക്കുക. അങ്ങനെ ചെയ്യാതിരുന്നാൽ ബന്ധങ്ങളിൽ ശൈഥില്യം വരും. അത് നിങ്ങളെ മുണ്ഡിതരാക്കിയേക്കും. തലമുണ്ഡനം ചെയ്യപ്പെട്ടു പോകും എന്നല്ല ഇതിനർഥം. ദീൻ നിങ്ങൾക്ക് ഇല്ലാതായിപ്പോകും എന്നാണ്" (തിർമിദി)

വ്യക്തികൾക്കിടയിൽ പ്രശ്നം വരികയാണെങ്കിൽ വേഗത്തിൽ ഇടപെട്ടു പരിഹരിക്കാൻ ശ്രമിക്കണം. പ്രവാചകന്റെ അവസരോചിതമായ ഇടപെടലുണ്ടായിട്ടില്ലെങ്കിൽ സമൂഹം അതിന് കനത്ത വില നൽകേണ്ടി വരുമായിരുന്നു. ■